പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 168** **26.09.2011-ൽ മറുപടിക്ക്.**

**വടകര അഗ്നിശമന സേനയ്ക്ക് ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. കെ. നാണു | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) വടകര നഗരത്തിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അഗ്നിശമന സേന എത്ര ദിവസം ജോലി ചെയ്യേണ്ടി വന്നിട്ടുണ്ട് ; | : (എ) 67 ദിവസം ഫയർ/ഇൻസിഡന്റ് കോൾ അറ്റന്റ് ചെയ്തിട്ടുണ്ട്. |
| (ബി) വടകര അഗ്നിശമന സേനയിലെ അംഗങ്ങൾ ജോലി ചെയ്യുമ്പോൾ മണ്ണിനടിയിൽപ്പെട്ടു മരണമടഞ്ഞതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | : (ബി) ഉണ്ട്. |
| (സി) പ്രസ്തുത നഗരത്തിൽ സാധാരണയിൽ കൂടുതൽ ജോലി നിർവ്വഹിക്കേണ്ടിവരുന്ന അഗ്നിശമനാംഗങ്ങൾക്ക് ആവശ്യമായ ആധുനിക ഉപകരണങ്ങളുടെ അഭാവം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | : (സി) വടകര നിലയത്തിൽ 3 വാട്ടർ ടെണ്ടർ, 1 ആംബുലൻസ്, 1 ജീപ്പ് തുടങ്ങിയ വാഹനങ്ങളും, ഫ്ളോട്ട് പമ്പ്, ആസ്ക ലൈറ്റ്, ചെയിൻസാ, പോർട്ടബിൾ പമ്പ്, സെർച്ച് ലൈറ്റ് എന്നീ ഉപകരണങ്ങൾ നേരത്തേ നൽകിയിട്ടുണ്ട്. കൂടാതെ 2011 വർഷത്തിൽ ഒരു മിനി വാട്ടർ ടെണ്ടർ, അണ്ടർ വാട്ടർ ബിഎ. സെറ്റ്-1, |

(മറുപുറം)

ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്-1, ഫയർ എൻട്രി സ്യൂട്ട്-1, ബി.എ.സെറ്റ്-1 എന്നീ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. ആധുനിക ഉപകരണങ്ങൾ കൂടുതൽ ലഭ്യമാകുന്ന മുറയ്ക്ക് മുൻഗണനാ ക്രമത്തിൽ വിതരണം നടത്തുമ്പോൾ വടകര നിലയത്തിനും പ്രസ്തുത ഉപകരണങ്ങൾ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

.... ——— ...